പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 44

11.06.2013-ൽ മറുപടിയ്ക്ക്

## സ്വകാര്യ ചിട്ടിക്കമ്പനികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.ബി. സത്യൻ<br>ശ്രീ.എ.പ്രദീപ്കുമാർ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ ചിട്ടിക്കമ്പനികൾ തകർച്ചയുടെ വക്കിലാണെന്ന പോലീസ് ഇന്റലിജൻസ് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | ഇല്ല |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ ചിട്ടികളിലും കുറികളിലും വരിക്കാരെ ചേർക്കുന്നതിലും പുതിയ ചിട്ടികൾ രജിസ്റ്റർ ചെയ്യുന്നതിലും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; അതിന്റെ വിശദാംശം വ്യക്തമാക്കുമോ; | (ബി) | ബാധകമല്ല |
| (സി) | ചില സ്ഥാപനങ്ങൾ ഇന്ത്യൻ ചിട്ടി നിയമം ബാധകമല്ലാത്ത ഹരിയാനയിലും ജമ്മുകാശ്മീരിലും ചിട്ടിക്കമ്പനികൾ രജിസ്റ്റർ ചെയ്തു സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നതായുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (സി) | കേന്ദ്രചിട്ടി നിയമമായ 1982 ലെ ചിറ്റ് ഫണ്ട്സ് ആക്ട് 30.04.2012 മുതൽ കേരള സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയും അത് പ്രകാരമുള്ള 2012 ലെ കേരള ചിറ്റ് ഫണ്ട്സ് റൂൾസ് 05.06.2012 ന് നിലവിൽ വരികയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് ഹരിയാനയിലും, ജമ്മുകാഷ്മീരിലും ചിട്ടി കമ്പനികൾ രജിസ്റ്റർ ചെയ്ത് കേരളത്തിൽ ചിട്ടി നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടി |

| | | | |
|---|---|---|---|
| | | | ട്ടുണ്ട്. എന്നാൽ കേന്ദ്രചിട്ടി നിയമം കേരളത്തിൽ പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് മറ്റു സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ നടത്തിക്കൊണ്ടിരുന്ന ചിട്ടികൾക്ക് അവയുടെ കാലാവധി പൂർത്തിയാകുന്നതുവരെ തുടരുന്നതിന് കേന്ദ്ര ചിട്ടി നിയമം സെക്ഷൻ 85(a) പ്രകാരം അനുവദിക്കപ്പെട്ടിട്ടുണ്ട്. 1982 ലെ കേന്ദ്രചിട്ടി നിയമവും 2012 - ലെ കേരളചിറ്റ് ഫണ്ട് റൂൾസും നിലവിൽ വന്നതിനുശേഷം കേന്ദ്ര നിയമം ബാധകമല്ലാത്ത ചിട്ടിക്കമ്പനികൾ കേരളത്തിൽ പ്രവർത്തിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ചിട്ടിക്കമ്പനികൾ വരിക്കാർക്ക് നൽകിവരുന്ന വായ്പാ സംവിധാനം നിർത്തലാക്കിയിട്ടുണ്ടോ; അതിനുള്ള കാരണം വ്യക്തമാക്കുമോ? | (ഡി) | കേന്ദ്രചിട്ടി ഫണ്ട്സ് 12-ാം വകുപ്പ് അനുസരിച്ച് സംസ്ഥാനത്തിന്റെ പ്രത്യേക അനുമതി ഇല്ലാതെ വേറെ ഒരു ബിസിനസും ചിട്ടി കമ്പനികൾ നടത്താൻ പാടില്ല. എന്നാൽ പ്രസ്തുത നിയമം പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് ചിട്ടി കമ്പനികൾ മറ്റ് ബിസിനസുകൾ നടത്തിയിട്ടുണ്ടെങ്കിൽ അത് മൂന്ന് വർഷം വരെ തുടരാമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. കെ.എസ്.എഫ്.ഇ. ഒഴികെയുള്ള ചിട്ടി കമ്പനികൾ സ്പെഷ്യൽ സാങ്ഷന് അനുമതിക്കായി നാളിതുവരെ അപേക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ